(സി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 21.47 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

135 (800) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മാറ്റി സ്ഥാപിക്കപ്പെട്ട ജില്ലാ ആശുപത്രിയുടെ കെട്ടിടങ്ങളും നിലവിലുണ്ടായിരുന്ന ഡബ്ല്യു ആന്റ് സി-യുടെ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും നവീകരിച്ചുകൊണ്ട് ഒരു മാതൃകാ ആശുപത്രിയാക്കി മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവോ ; വ്യക്തമാക്കുമോ ;

(സി) പശ്ചാത്തല സൗകര്യവും സാധ്യതയും പരിഗണിച്ചുകൊണ്ട് ആധുനിക സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട ആശുപത്രിയായി ഇതിനെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാ മെഡിക്കൽ ഓഫീസ് പ്രവർത്തിച്ചിരുന്നതും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോട് ചേർന്നുനിൽക്കുന്നതുമായ കെട്ടിടം കേടുപാട് തീർത്ത് നവീകരിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി 2,41,10,000 (രണ്ട് കോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി പതിനായിരം) രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

136 (801) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly